(സി) കേന്ദ്രത്തിലും സംസ്ഥാനത്തിലും നിലവിലുള്ള സേവന വേതന ഘടന തികച്ചും വ്യത്യസ്തമാണ്. സമയബന്ധിത ഹയർഗ്രേഡ്, പ്രൊമോഷൻ സാദ്ധ്യത എന്നിവ സംസ്ഥാനത്തെ സേവനഘടനയുടെ പ്രത്യേകതകളാണ്. അതിന്റെ ഫലമായി കേന്ദ്രത്തിൽ പെൻഷൻ പറ്റുമ്പോൾ ലഭിക്കുന്നതിനെക്കാൾ ഉയർന്ന ശമ്പളമാണ് താരതമ്യേന സംസ്ഥാനത്ത് നിലവിലുള്ളത്. അതുകൊണ്ട് യാന്ത്രികമായ തുലനം സാദ്ധ്യമല്ല. 5-ാം കേന്ദ്രശമ്പള കമ്മീഷന്റെ ശുപാർശകൂടി കണക്കിലെടുത്താണ് 97-ൽ സംസ്ഥാനത്ത് ശമ്പളവും പെൻഷനും വർദ്ധിപ്പിച്ചത്.

(ഡി) ഇല്ല.

(ഇ) 'സി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

ലോക് ആയുക്ത് മുൻപാകെയുള്ള കേസ്സുകളുടെ നടത്തിപ്പ്

67 (113) ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ആയുക്ത് മുൻപാകെ സർക്കാർ കേസ്സ് നടത്തുന്നതിന് സ്പെഷ്യൽ അറ്റോർണിയെ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരെയാണ് നിയമിച്ചിട്ടുള്ളത്;

(സി) സ്പെഷ്യൽ അറ്റോർണി ഹാജരാകേണ്ട ഏതെങ്കിലും കേസ്സിൽ സർക്കാരിനുവേണ്ടി ഹാജരാകുവാൻ മറ്റാരെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള കാരണം വിശദീകരിക്കുമോ;

(ഇ) ഗവണ്മെന്റിനുവേണ്ടി ലോക്ആയുക്ത് മുൻപാകെയുള്ള കേസിൽ കക്ഷി ചേരേണ്ടത് ചീഫ് സെക്രട്ടറിയാണോ എന്ന് അറിയിക്കുമോ;

(എഫ്) ലോക്ആയുക്ത്ക്ക് മുൻപാകെയുള്ള ഏതെങ്കിലും കേസ്സിൽ ഗവണ്മെന്റിനുവേണ്ടി നിയമവകുപ്പു സെക്രട്ടറി കക്ഷിയായിട്ടുണ്ടോ;

(ജി) എങ്കിൽ ഈ കേസ്സിൽ ചീഫ് സെക്രട്ടറി കക്ഷി ചേരാതിരുന്നത് എന്തു കൊണ്ടാണെന്ന് അറിയിക്കുമോ;

(എച്ച്) ലോക്ആയുക്ത് മുൻപാകെയുള്ള കേസ്സിൽ ഗവണ്മെന്റിനെ സഹായിക്കുന്നതിന് നിയമവകുപ്പു സെക്രട്ടറിയെ പ്രത്യേകമായി ചുമതല പ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസ്സുകളിൽ;

(ഐ) നിയമവകുപ്പു സെക്രട്ടറി ലോക്ആയുക്ത് മുൻപാകെയുള്ള കേസ്സിൽ സ്വയം സന്നിഹിതനാകുന്നുണ്ടോ;

(ജെ) എങ്കിൽ ആരുടെ നിർദ്ദേശപ്രകാരം എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. കല്ലട സുകുമാരനെ സ്പെഷ്യൽ അറ്റോർണിയായി നിയമിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 1999-ലെ കേരള ലോക്ആയുക്ത് ആക്ടിലെ 9-ാം വകുപ്പിലെ 8-ാം ഉപവകുപ്പ് പ്രകാരം ഒരു സ്പെഷ്യൽ അറ്റോർണിയോ, ഒന്നോ അതിൽ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതലോ സീനിയർ ഗവണ്മെന്റ് പ്ലീഡർമാരെയോ ഗവണ്മെന്റിനെ സംബന്ധിക്കുന്ന കേസ്സുകളിൽ വാദിക്കുവാൻ നിയമിക്കാവുന്നതാണ്.

(ഇ) ഗവണ്മെന്റിനുവേണ്ടി ആരെ കക്ഷി ആക്കണമെന്ന് നിശ്ചയിക്കുന്നത് ഓരോ കേസ്സിന്റെയും സ്വഭാവം അനുസരിച്ചായിരിക്കും.

(എഫ്)&(ജി) നിയമവകുപ്പു സെക്രട്ടറി കക്ഷിയായിട്ടില്ല.

(എച്ച്) പരാതി നമ്പർ 34/99 കേസ്സിൽ രണ്ടാം എതിർകക്ഷിയായ ചീഫ് സെക്രട്ടറിക്കുവേണ്ടി ചീഫ്സെക്രട്ടറി നിർദ്ദേശിച്ചതുപ്രകാരം നിയമവകുപ്പു സെക്രട്ടറി കൗണ്ടർ സ്റ്റേറ്റുമെന്റ് ഫയൽ ചെയ്തിട്ടുണ്ട്.

(ഐ)&(ജെ) നിയമവകുപ്പ് സെക്രട്ടറി സ്വയം ഹാജരാക്കേണ്ടതില്ല.

റേഷൻ സമ്പ്രദായം

68 (114) ശ്രീമതി എൻ.കെ. രാധ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി റേഷൻ പരിമിതപ്പെടുത്താനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(സി) കേന്ദ്രഗവണ്മെന്റിൽ നിന്നും ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സംസ്ഥാനസർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്രസർക്കാരിന്റെ പ്രസ്തുത തീരുമാനം സംസ്ഥാനത്തെ റേഷൻ വാങ്ങുന്നവരെയും റേഷൻ വ്യാപാരികളെയും എപ്രകാരം ബാധിക്കും എന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണത്തിനായി സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യവും മറ്റും സംസ്ഥാനത്തിന് നൽകിവരുന്നതിന്റെ മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(എഫ്) റേഷൻ സമ്പ്രദായം നിർത്തലാക്കാനും റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാനുമുള്ള കേന്ദ്ര നീക്കത്തിനെതിരെ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്തെന്ന് അറിയിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) റേഷൻ സമ്പ്രദായം പരിമിതപ്പെടുത്തുന്ന പക്ഷം ഭക്ഷ്യസാധനങ്ങളുടെ വിലനിലവാരം പൊതുമാർക്കറ്റിൽ വർദ്ധിക്കുമെന്നതിനാൽ ഇത് തരണം ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും മുൻകരുതൽ നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(എച്ച്) സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായപ്രകാരം സംസ്ഥാനത്തിന് പ്രതിമാസം എത്ര ടൺ അരിയാണ് ലഭിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly